ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദവും ഊർജ്ജ കാര്യക്ഷമവും ആയിരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says that construction activities including infrastructure development should be environment friendly and energy efficient.**

2. മദ്യനയ അഴിമതി കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ഇ.ഡി. കസ്റ്റഡി ഡൽഹി കോടതി ഏപ്രിൽ 1 വരെ നീട്ടി.

   **Delhi Court extended the Enforcement Directorate's custody of Delhi Chief Minister Arvind Kejriwal till the 1st of April in the money laundering case related to the alleged liquor policy scam case.**

3. ലോക് സഭാ തിരഞ്ഞെടുപ്പിൽ കേരളമുൾപ്പെടെ രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു.

   **Election notification has been issued in the states where polling will be held in the second phase of the Lok Sabha elections including Kerala.**

4. കേരളത്തിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു. ആദ്യദിനത്തിൽ പത്രിക നൽകിയത് 14 സ്ഥാനാർത്ഥികൾ.

**Submission of nomination papers has started in Kerala. 14 candidates submitted papers on the first day.**

5. യേശുക്രിസ്തുവിൻറെ അന്ത്യ അത്താഴ സ്മരണ പുതുക്കി ക്രൈസ്തവർ ഇന്ന് പെസഹ ആചരിക്കുന്നു. നാളെ ദു:ഖ വെള്ളി.

**Devotees observe Maundy Thursday today and tomorrow is Good Friday.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്- ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

**Rajasthan Royals vs Delhi Capitals match in IPL cricket today.**

&&&&&&&&&&&&&&&

## HEADLINE 1

## PREZ – INFRASTRUCTURE

അടിസ്ഥാന സൗകര്യം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ കാലാവസ്ഥാ സൗഹൃദവും ഊർജ്ജ കാര്യക്ഷമവും ആക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേന്ദ്ര പൊതുമരാമത്തു വകുപ്പിലെ അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സംഘത്തെ രാഷ്ട്രപതി ഭവനിൽ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു. നിർമ്മാണ മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ എഞ്ചിനീയർമാർ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നൂതന സമീപനം സ്വീകരിക്കേണ്ടി വരുമെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഈ മേഖലയിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ നൂതന നിർമ്മാണ രീതികൾക്ക് കഴിയുമെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&

## HEADLINE 2

## KEJIRIWAL CUSTODY

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻ്റെ ഇഡി കസ്റ്റഡി ഡൽഹി കോടതി ഏപ്രിൽ 1 വരെ നീട്ടി. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഈ മാസം 21നാണ് കെജ്രിവാളിനെ എൻഫോഴ്സ്മെൻ്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്. ആറ് ദിവസത്തെ ഇ.ഡി. കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് കെജ്രിവാളിനെ കോടതിയിൽ ഹാജരാക്കിയതിന് പിന്നാലെയാണ് റൂസ് അവന്യൂ കോടതിയിലെ പ്രത്യേക ജഡ്ജി കാവേരി ബവേജ, റിമാൻഡ് നീട്ടാൻ ഉത്തരവിട്ടത്.

&&&&&&&&&&&&&&&&

**MEA-US**

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻ്റെ അറസ്റ്റ് സംബന്ധിച്ച് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻ്റ് അടുത്തിടെ നടത്തിയ പരാമർശങ്ങൾ അനുചിതമെന്ന് വിദേശകാര്യ മന്ത്രാലയം. രാജ്യത്തിന്റെ തിരഞ്ഞെടുപ്പ്, നിയമം തുടങ്ങിയ വിഷയങ്ങളിൽ ഇത്തരം ബാഹ്യ ആരോപണങ്ങൾ ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് മന്ത്രാലയം വക്താവ് രൺധീർ ജയ്സ്വാൾ ഇന്ന് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻ്റിൻ്റെ അഭിപ്രായം സംബന്ധിച്ച് ഇന്ത്യയുടെ ശക്തമായ എതിർപ്പും പ്രതിഷേധവും ഇന്നലെ യുഎസ് എംബസിയിലെ മുതിർന്ന ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നു. ഇന്ത്യയിൽ, നിയമനടപടികൾ നിയമവാഴ്ചയിലൂടെ മാത്രമാണ് നടക്കുന്നതെന്നും സഹ ജനാധിപത്യ രാജ്യങ്ങൾക്ക് ഈ വസ്തുതയെ ഉൾക്കൊള്ളാൻ പ്രയാസമില്ലെന്നും അദ്ദേഹം പറഞ്ഞു. പരസ്പര ബഹുമാനവും ധാരണയുമാണ് അന്താരാഷ്ട്ര ബന്ധങ്ങളുടെ അടിത്തറയെന്നും രാജ്യങ്ങൾ മറ്റു രാജ്യങ്ങളുടെ പരമാധികാരത്തെയും ആഭ്യന്തര

കാര്യങ്ങളെയും ബഹുമാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## HEADLINE 3

## REV.2ND PHASE NOTIFICATION - INTRO

രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലാണ് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ്.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ്)

**&&&&&&&&&&&&&&&&**

## REV. 2ND PHASE NOTIFICATION- VOICE

കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. നാമനിർദ്ദേശ പത്രിക ഇന്നു മുതൽ സ്വീകരിച്ചു തുടങ്ങി. ഏപ്രിൽ 4 വരെയാണ് പത്രിക സമർപ്പിക്കാനുള്ള അവസരം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 12 സംസ്ഥാനങ്ങളിൽ ഏപ്രിൽ 5 നും, ജമ്മു കശ്മീരിൽ ഏപ്രിൽ ആറിനും നടക്കും. വോട്ടെടുപ്പ് ഏപ്രിൽ 26 നാണ്. കേരളത്തിലെ 20 മണ്ഡലങ്ങൾക്ക് പുറമേ, കർണാടകയിൽ 14 ഇടത്തും, രാജസ്ഥാനിലെ 13 സീറ്റുകളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്. ബിഹാർ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ത്രിപുര, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, അസം തുടങ്ങിയ സംസ്ഥാനങ്ങളിലും രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.

**&&&&&&&&&&&&&&&&**

## HEADLINE 4

## NOMINATION-KERALA

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള ആദ്യ ദിവസമായ ഇന്ന് കേരളത്തിൽ വിവിധ ലോക്സഭാ മണ്ഡലങ്ങളിലായി 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. തിരുവനന്തപുരം 4, കൊല്ലം 3 , മാവേലിക്കര 1, കോട്ടയം 1, എറണാകുളം 1, തൃശ്ശൂർ 1, കോഴിക്കോട് 1, കാസർഗോഡ് 2 എന്നിങ്ങനെയാണ് സംസ്ഥാനത്ത് ഇന്ന് പത്രികാ സമർപ്പണം നടന്നത്.

&&&&&&&&&&&&&&

## FIRST PHASE ELECTION

ഒന്നാംഘട്ടത്തിൽ പൊതുതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ 102 മണ്ഡലങ്ങളിലാണ് ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഏപ്രിൽ 19 നാണ് ഇവിടെ വോട്ടെടുപ്പ്. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടന്നു.

&&&&&&&&&&&&&&

## INDIA AND CHINA

ഇന്ത്യ-ചൈന അതിർത്തി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഇരു രാജ്യങ്ങളും ചർച്ച നടത്തി. അതിർത്തിയിലെ പ്രശ്ന പരിഹാര പ്രവർത്തനങ്ങളുടെ ഏകോപനത്തിനും കൂടിയാലോചനകൾക്കുമായുള്ള 29-ാമത് യോഗം ഇന്നലെ ബീജിംഗിൽ നടന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. നയതന്ത്ര മാർഗങ്ങളിലൂടെ

സുസ്ഥിരമായ ബന്ധം നിലനിർത്താൻ ഇരു രാജ്യങ്ങളും തീരുമാനമെടുത്തു.

&&&&&&&&&&&&&&&

**MEA CHINA**

അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യ ഘടകമെന്ന് ആവർത്തിച്ച് വിദേശകാര്യ മന്ത്രാലയം. അരുണാചൽ പ്രദേശിന് മേൽ ചൈന അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ എത്ര തവണ ഉന്നയിച്ചാലും ഇന്ത്യയുടെ നിലപാടിൽ മാറ്റമുണ്ടാകില്ലെന്ന് മന്ത്രാലയം വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. റഷ്യൻ സൈന്യത്തിൻറെ പിടിയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ എത്രയും വേഗം മോചിപ്പിക്കുന്നതിനും തിരികെ എത്തിക്കുന്നതിനുമുള്ള ശക്തമായ ശ്രമങ്ങൾ ഇന്ത്യ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

**HEADLINE 5**

**GOOD FRIDAY**

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണയിൽ ലോകമെങ്ങും ക്രൈസ്തവർ ഇന്ന് പെസഹ വ്യാഴം ആചരിക്കുന്നു. ദേവാലയങ്ങളിൽ ഇന്ന് പ്രത്യേക ശുശ്രൂഷകളും, പ്രാർത്ഥനകളും നടന്നു. ക്രിസ്തുവിൻറെ പീഡാനുഭവങ്ങളുടെ ഓർമ പുതുക്കി വിശ്വാസികൾ നാളെ ദുഖവെള്ളി ആചരിക്കും. ഈ മാസം 31 നാണ് ഈസ്റ്റർ.

&&&&&&&&&&&&&&&

**HEADLINE 6**

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്- ഡൽഹി ക്യാപിറ്റൽസ് പോരാട്ടം. രാജസ്ഥാനിലെ ജയ്പൂരിൽ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം. സഞ്ജു സാംസൺ നയിക്കുന്ന രാജസ്ഥാൻറേയും, ഋഷഭ് പന്ത് നയിക്കുന്ന ഡൽഹി ക്യാപ്പിറ്റൽസിൻറേയും രണ്ടാം മത്സരമാണിന്ന്.

&&&&&&&&&&&&&&&

## MIAMI OPEN TENNIS

മിയാമി ഓപ്പൺ ടെന്നീസിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ ഓസ്ട്രേലിയയുടെ മാത്യു എബ്ഡെൻ സഖ്യം ഇന്ന് സെമിഫൈനലിനു ഇറങ്ങും. സ്പെയിനിൻ്റെ മാർസൽ ഗ്രാനോല്ലേഴ്സ്- അർജൻ്റീനയുടെ ഹൊറാസിയോ സെബാലോസ് സഖ്യമാണ് എതിരാളികൾ. മത്സരം ഇന്ത്യൻ സമയം രാത്രി 10.30 ന് ആരംഭിക്കും.

&&&&&&&&&&&&&&&

## MADRID OPEN BADMINTON

മാഡ്രിഡ് ഓപ്പൺ ബാഡ്മിൻ്റണിൽ വനിതാ വിഭാഗം സിംഗിൾസിൽ ഇന്ത്യൻ താരം പിവി സിന്ധു ക്വാർട്ടറിൽ പ്രവേശിച്ചു. ഇന്ന് നടന്ന പ്രീ ക്വാർട്ടറിൽ തായ്‌വാൻ താരത്തെ പരാജയപ്പെടുത്തിയാണ് സിന്ധുവിൻറെ മുന്നേറ്റം. പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ കൃഷ്ണ പ്രസാദ് ഗരാഗ-സായ് പ്രതീക് സഖ്യവും എം.ആർ അർജുൻ- ധ്രുവ് കപില സഖ്യവും പ്രീ ക്വാർട്ടറിൽ കടന്നിട്ടുണ്ട്.

&&&&&&&&&&&&&&&

## DEFENCE-DGQA

ഡയറക്ടറേറ്റ് ജനറൽ ഓഫ് ക്വാളിറ്റി അഷ്വറൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നു. പ്രതിരോധ മന്ത്രാലയത്തിന്

കീഴിലുള്ള ഡിപ്പാർട്ട്മെൻ്റ് ഓഫ് ഡിഫൻസ് പ്രൊഡക്ഷൻ ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രതിരോധ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സുഗമമാക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&

**REV. UKRAINE FM VISIT**

യുക്രൈൻ വിദേശകാര്യമന്ത്രി ദിമിത്രോ കുലേബ രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാവിലെ ന്യൂഡൽഹിയിൽ എത്തി. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിൻ്റെ ക്ഷണപ്രകാരമാണ് അദ്ദേഹം രാജ്യത്തെത്തിയത്. ഉഭയകക്ഷി പങ്കാളിത്തത്തെക്കുറിച്ചും പ്രാദേശിക, ആഗോള വിഷയങ്ങളിലെ സഹകരണത്തെക്കുറിച്ചും ശ്രീ ജയശങ്കറുമായി അദ്ദേഹം ചർച്ച ചെയ്യുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഡെപ്യൂട്ടി സുരക്ഷാ ഉപദേഷ്ടാവുമായും, ഇന്ത്യയിലെ ബിസിനസ്സ് പ്രമുഖരുമായും യുക്രൈൻ വിദേശകാര്യമന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&

**MOSCOW ATTACK**

മോസ്കോ ഭീകരാക്രമണത്തിൽ മരിച്ചവരുടെ എണ്ണം 143 ആയതായി റഷ്യ. പരിക്കേറ്റ 80 പേർ ഇപ്പോഴും ആശുപത്രിയിൽ തുടരുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ചയാണ് മോസ്കോയ്ക്ക് സമീപമുള്ള ക്രൊക്കസ് സിറ്റി ഹാളിൽ ആയുധധാരികൾ വെടിയുതിർത്തത്. 20 വർഷത്തിനിടെ റഷ്യയിൽ നടന്ന ഏറ്റവും വലിയ ഭീകരാക്രമണമായിരിന്നു ഇത്.

&&&&&&&&&&&&&&&

**TEJAS-MK1A**

ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ് തേജസ് MK1A യുടെ ആദ്യ പറക്കൽ വിജയകരമായി പൂർത്തിയാക്കി. ബെംഗളൂരുവിലെ ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിൽ നിന്നാണ് തേജസ് MK1A ഇന്ന് ആദ്യ പറക്കൽ പൂർത്തിയാക്കിയത്. നൂതന ഇലക്ട്രോണിക് റഡാർ, വാർഫെയർ, വാർത്താവിനിമയ സംവിധാനങ്ങൾ, വിഷ്വൽ റേഞ്ച് മിസൈലുകൾ ഉൾപ്പെടെയുള്ളവ ഈ നൂതന എയർക്രാഫ്റ്റുകളിൽ സജ്ജീകരിച്ചിരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## BJP- MAHTAB JOINING

മുൻ ബിജെഡി നേതാവും ഒഡീഷയിലെ കട്ടക്കിൽ നിന്നുള്ള എംപി യുമായ ഭർതൃഹരി മഹ്താബ് ബി.ജെ.പി. യിൽ ചേർന്നു. ന്യൂഡൽഹിയിലെ ബി.ജെ.പി. ആസ്ഥാനത്ത് മുതിർന്ന പാർട്ടി നേതാവും കേന്ദ്രമന്ത്രിയുമായ ധർമേന്ദ്ര പ്രധാൻ, പാർട്ടി ജനറൽ സെക്രട്ടറി വിനോദ് താവ്ഡെ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളുടെ സാന്നിധ്യത്തിലാണ് അദ്ദേഹം ഇന്ന് ബി.ജെ.പി. അംഗത്വം സ്വീകരിച്ചത്. അതേസമയം റാഞ്ചിയിൽ നിന്നുള്ള മുൻ ബിജെപി എംപി റാം തഹൽ ചൗധരി കോൺഗ്രസിൽ ചേർന്നു. ന്യൂഡൽഹിയിൽ കോൺഗ്രസ് നേതാക്കളായ ഗുലാം അഹമ്മദ് മിർ, പവൻ ഖേര എന്നിവരുടെ സാന്നിധ്യത്തിലാണ് അദ്ദേഹം പാർട്ടി അംഗത്വം സ്വീകരിച്ചത്.

&&&&&&&&&&&&&&&

## CONGRESS-BJP

രാജ്യത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണെന്ന് മഹിളാ കോൺഗ്രസ് അധ്യക്ഷ അൽക ലാംബ. ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ മുൻ പ്രസിഡൻറ് ബ്രിജ് ഭൂഷൺ സിങ്ങിനെതിരെ നടപടി എടുക്കാത്തതിൽ അവർ ബിജെപിയെ കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&

## STOCK

ഓഹരി വിപണികൾ നേട്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 639 പോയിൻറ് ഉയർന്ന് 73,635 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 203 പോയിൻറ് നേട്ടത്തിൽ 22,327 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&

## EC- KAHSMIRI MIGRANTS

ജമ്മു, ഉധംപൂർ, ഡൽഹി എന്നിവിടങ്ങളിലെ വിവിധ ക്യാമ്പുകളിൽ കഴിയുന്ന കശ്മീരി കുടിയേറ്റ വോട്ടർമാർക്കായി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക പോളിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി. വോട്ടെടുപ്പ് ദിവസം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ വഴി വോട്ടു രേഖപ്പെടുത്താൻ ഇവർക്ക് അവസരം നൽകും. നിലവിൽ ജമ്മു, ഉധംപൂർ, ഡൽഹി എന്നിവിടങ്ങളിലെ താമസ സ്ഥലത്തിന് പുറത്ത് താമസിക്കുന്നവർക്കും തപാൽ ബാലറ്റ് പേപ്പറുകളിലൂടെ വോട്ടവകാശം രേഖപ്പെടുത്താൻ അവസരം നൽകുമെന്നും കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&

&&&